ഉത്തരം

(എ) കെ. എസ്. ഇ. ബി. യിൽ പ്രയോറിട്ടി നിശ്ചയിച്ച സ്കീമുകളിൽ ഏറ്റവും മുൻഗണന കൊടുത്തിട്ടുള്ളത് ഗ്രാമവൈദ്യുതീകരണത്തിനാണ്. ആകെ 44 ഗ്രാമങ്ങൾ വൈദ്യുതീകരിക്കാനുണ്ട്. അവയിൽ 7 ഗ്രാമങ്ങളിൽ വൈദ്യുതി എത്തിച്ചിട്ടുണ്ട്. ബാക്കിയുള്ള 37 ഗ്രാമങ്ങളിൽ വൈദ്യുതി എത്തിക്കുന്ന ജോലി നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ കാർഷികാവശ്യത്തിനുള്ള പമ്പ് സെറ്റ് കണക്ഷനുകൾക്കും ഹരിജൻ കോളനികൾക്കും പ്രയോറിട്ടി കൊടുത്തിട്ടുണ്ട്. ഈ ജോലികളും എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഈ ജോലികൾ പൂർത്തിയാക്കുവാനുള്ള കാലതാമസം പ്രധാനമായും ചില ഉപകരണങ്ങളുടെ ദുർലഭ്യം കൊണ്ടാണ്. ഇവ എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പ്രമോഷൻ തസ്തികയിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെൻറ്

632 [917] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റിക്രൂട്ട്മെൻറ് അനുസരിച്ചുള്ള നിയമനങ്ങൾ പ്രമോഷൻ തസ്തികയിലും നടപ്പാക്കണമെന്നുള്ള ഗവൺമെൻറ് ഉത്തരവ് ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ ഉത്തരവ് അനുസരിച്ച് ഏതെങ്കിലും പ്രമോഷൻ തസ്തികയിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിൽ?

ഉത്തരം

(എ) സ്പെഷ്യൽ റിക്രൂട്ട്മെൻറ് അനുസരിച്ചുള്ള നിയമനങ്ങൾ ഗസറ്റഡ് തസ്തികയിലും നടത്തണമെന്ന് ഗവൺമെൻറ് ഉത്തരവുണ്ട്. ഇതിൽ പ്രമോഷൻ തസ്തികകളും ഉൾപ്പെടുന്നു.

(ബി) ഉണ്ട്.

(സി) സെക്രട്ടേറിയറ്റിൽ സെക്ഷൻ ഓഫീസർ, അണ്ടർ സെക്രട്ടറി, റവന്യൂ ഡിപ്പാർട്ടുമെൻറിൽ തഹസിൽദാർ, റവന്യൂ ഡിവിഷണൽ ഓഫീസർ, പോലീസ് ഡിപ്പാർട്ടുമെൻറിൽ ഡെപ്യൂട്ടി സൂപ്രണ്ട് മുതലായ തസ്തികകളിൽ.

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്രം നൽകിയ തുക

633 [918] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly